LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം പ്രൊമോഷനുവേണ്ടി ചെലവാക്കിയ തുക

97 (4705) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക ചെലവായി ;

(ബി) ഇതിൽ അനുദിന ചെലവുകൾക്കും ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾക്കുമായി എത്ര രൂപയാണ് ചെലവായത് ;

(സി) ടൂറിസം പ്രൊമോഷനുവേണ്ടി മാത്രം എത്ര തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 64.10 കോടി.

(ബി) അനുദിന ചെലവുകൾക്കായി 2,03,92,768 രൂപയും ഗസ്റ്റ്ഹൗസുകളുടെ അറ്റകുറ്റപ്പണികൾക്കായി 1,55,29,038 രൂപയും ചെലവായിട്ടുണ്ട്.

(സി) 10 കോടി രൂപ.

ടൂറിസം വകുപ്പ് വാടകയ്ക്കെടുക്കുന്ന വാഹനങ്ങൾ

98 (4706) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിൽ വിവിധ ഓഫീസർമാരുടെ ആവശ്യത്തിലേക്കായി ടൂറിസ്റ്റ് വാഹനങ്ങൾ വാടകയ്ക്ക് നൽകുവാൻ കൊച്ചിയിലെ എ.ടി.എസ്. കാർസ് എന്ന സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തെ ചുമതലപ്പെടുത്തുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം ഡിപ്പാർട്ടുമെന്റിന് പ്രതിമാസം എത്ര രൂപ ചെലവാകുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ അതിഥികളുടെ ആവശ്യത്തിനായി ടൂറിസ്റ്റ് വാഹനങ്ങൾ വാടകയ്ക്ക് നൽകുവാൻ കൊച്ചിയിലെ എ.റ്റി.എസ്. കാർസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ്* അനുബന്ധമായി വച്ചിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ടി സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളത്.

1. ഈ ജോലിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവർത്തി പരിചയം.

2. താഴെ പറയുന്ന തരത്തിലുള്ള ആറു വാഹനങ്ങളെങ്കിലും ഉണ്ടായിരിക്കണം.

    1. അംബാസിഡർ (Non A/C)-2
    2. അംബാസിഡർ (A/C) - 2
    3. കോണ്ടസ - 2
    4. ലാൻസർ - 2
    5. ഓപ്പൽ ആസ്ട്ര - 2
    6. ഫോർഡ് - 2

3. വകുപ്പിന്റെ പെട്ടെന്നുള്ള ആവശ്യത്തിലേക്ക് 50 കാറുകൾ വരെ ഒന്നിച്ച് 24 മണിക്കൂറിനുള്ളിൽ നൽകണം.

4. മേൽപ്പറഞ്ഞ കാറുകളുടെ എണ്ണത്തിൽപ്പെടാത്ത ബെൻസ് കാർ, ബസ് ഇവ ആവശ്യമെന്ന് കണ്ടാൽ നൽകണം.

5. കരാറിൽ ഏർപ്പെടുന്ന ഏജൻസിക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 25 ലക്ഷം രൂപയുടെ വരുമാനം ഉണ്ടായിരിക്കണം.

6. ഏജൻസിക്ക് കോർപ്പറേഷൻ, മുനിസിപ്പൽ ഏരിയകളിൽ ഓഫീസും ടെലഫോൺ സൗകര്യവും ഉണ്ടായിരിക്കണം.

(സി) ഇതുവരെ പേമെന്റ് നൽകിയിട്ടില്ല.

തസ്തിക വെട്ടിക്കുറയ്ക്കുന്ന നടപടി

99 (4707) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിലെ നിലവിലുള്ള ഏതെങ്കിലും വിഭാഗമോ തസ്തികകളോ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർത്തലാക്കുന്ന വിഭാഗവും തസ്തികകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മന്ത്രി മന്ദിരങ്ങളിലേയും ഗസ്റ്റ് ഹൗസുകളിലേയും ഗാർഡനർ തസ്തിക നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത ജോലി നിർവ്വഹിക്കുന്നതിന് ഏർപ്പെടുത്തിയ ബദൽ സംവിധാനം എന്താണ് ;

(ഡി) പുന്തോട്ടം സൂക്ഷിക്കുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതല ഏൽപ്പിക്കാൻ ആലോചിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly